# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

ഫണ്ട് ലഭ്യമാക്കുന്നതിലുള്ള വീഴ്ച

5980 ശ്രീ. എം. എ. ബേബി
'' പി. ശ്രീരാമകൃഷ്ണൻ
'' കെ. കെ. നാരായണൻ
'' പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾക്ക് യഥാസമയം ഫണ്ട് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിക്കൊണ്ടിരിക്കുന്നത് പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011 – 12 ൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകേണ്ടിയിരുന്ന ഫണ്ടിന്റെ ഗഡുക്കൾ ലഭ്യമാക്കുന്നതിൽ മാസങ്ങളോളം കാലവിളംബം ഉണ്ടായിട്ടുള്ളതായി അറിയാമോ;

(സി) ഇതാവർത്തിക്കാതിരിക്കുന്നതിന് 2012 – 13 ൽ സ്വീകരിക്കപ്പെട്ട നടപടി എന്തായിരുന്നു; ആ വർഷം യഥാസമയം ഫണ്ട് ലഭ്യമാക്കാൻ സാധ്യമായോ;

(ഡി) 2013 – 14 ൽ ഇതിനകം ലഭ്യമായ ഫണ്ടിന്റെ ഗഡുക്കൾ യഥാസമയം നൽകാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്നറിയിക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

**അഞ്ച് വർഷത്തേയ്ക്കുള്ള പദ്ധതികൾക്ക് ഒന്നിച്ച് അംഗീകാരം നൽകുന്ന പദ്ധതി**

5981 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് അഞ്ച് വർഷത്തേയ്ക്കുള്ള പദ്ധതികൾക്ക് ഒന്നിച്ച് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഗ്രാമപഞ്ചായത്തുകളിലെ പദ്ധതിനിർവ്വഹണം സുതാര്യവും അഴിമതിരഹിതവും സമയബന്ധിതവുമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

പഞ്ചായത്തുകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കറ്റ്

5982 ശ്രീ. കെ. മുരളീധരൻ
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങിയോ;

(ബി) ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം അറിയിക്കുമോ ;

(സി) ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ കിട്ടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം വിശദമാക്കുമോ ;

(ഡി) ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്ന പഞ്ചായത്തുകളിൽ എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് നൽകുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>വിവാഹ പ്രായം 16 ആക്കിയ ഉത്തരവിന്റെ വിശദാംശം</u>

5983 ശ്രീമതി കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുസ്ലീം വിവാഹം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് മുസ്ലീം പെൺ കുട്ടികളുടെ വിവാഹ പ്രായം 16 ആക്കി ചുരുക്കിയത് എന്താവശ്യത്തിനാണ്;

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് ഇറക്കിയ പ്രസ്തുത സർക്കുലർ ശൈശവ വിവാഹ നിരോധന നിയമത്തിന്റെ അന്തഃസത്തയെ ചോദ്യം ചെയ്യുന്നു എന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സർക്കുലർ നിയമസഭയുടെ പരിഗണനക്കായി നൽകിയിട്ടുണ്ടോ;

(ഡി) മന്ത്രി സഭ പ്രസ്തുത സർക്കുലറിന് അനുമതി നല്കിയോ; എങ്കിൽ എന്ന്;

(ഇ) സർക്കുലർ ഇറക്കാൻ ഉപദേശം നൽകിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്;

(എഫ്) പ്രസ്തുത സർക്കുലർ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) സർക്കുലർ സംബന്ധിച്ച് വകുപ്പിന്റെ നിഗമനം എന്ത്;

(എച്ച്) സർക്കുലർ നിയമ വകുപ്പ് പരിശോധിച്ചോ; എങ്കിൽ അവരുടെ റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>16 വയസ്സിനു താഴെയുള്ള പെൺകുട്ടികളുടെ വിവാഹ രജിസ്ട്രേഷൻ</u>

5984 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 16 വയസ്സുള്ള പെൺകുട്ടികളുടെ വിവാഹം രജിസ്റ്റർ ചെയ്തു നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി സർക്കുലർ വഴി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അത്തരം ഒരു സർക്കുലർ പുറപ്പെടുവിക്കാനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(ബി) ഈ സർക്കുലർ എല്ലാമതവിഭാഗങ്ങൾക്കും ബാധകമാണോ; മുമ്പ് നടന്ന വിവാഹങ്ങൾ മാത്രമാണോ രാജിസ്റ്റർ ചെയ്തു നൽകുന്നത്; ഈ സർക്കുലർ തീയതിക്ക് ശേഷം നടത്തിയ വിവാഹങ്ങൾ രജിസ്റ്റർ ചെയ്തു നൽകുമോ;

(സി) സംസ്ഥാന നിയമസഭ പാസാക്കിയ 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ (പൊതു) നിയമപ്രകാരം 16 വയസ്സുള്ള ഒരു പെൺകുട്ടിയുടെ വിവാഹം രജിസ്റ്റർ ചെയ്തു നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടോ;

(ഡി) ഇല്ലെങ്കിൽ, ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഈ അധികാരം ലഭ്യമാകുമോ; നിയമപ്രകാരം ലഭിക്കാത്ത ഒരു അധികാരം സർക്കാരിന്റെ ഒരു സർക്കുലർ പ്രകാരം ലഭിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>വിവാഹ രജിസ്ട്രേഷൻ</u>

5985 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവാഹരജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കുന്നത് ഏത് നിയമപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമത്തിൽ എപ്പോഴെല്ലാം ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വിവാഹ രജിസ്ട്രേഷൻ നിയമങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് പുരുഷനും സ്ത്രീക്കും എത്ര വയസ്സുണ്ടാകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ഡി) മേൽനിയമവ്യവസ്ഥ പ്രകാരം നിശ്ചയിച്ചിട്ടുള്ള പ്രായത്തിന് മുമ്പ് നടന്നിട്ടുള്ള വിവാഹങ്ങൾ റെഗുലറൈസ് ചെയ്യുന്നതിനായോ നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള പ്രായപരിധി പൂർത്തിയാകാതെ വിവാഹം ചെയ്താൽ രജിസ്റ്റർ ചെയ്തു നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ടോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഉത്തരവ് പുറപ്പെടുവിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ;

(എഫ്) ഏതെങ്കിലും സംഘടനയുടെ നിവേദനപ്രകാരമാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതെങ്കിൽ ആ സംഘടനയുടെ/സംഘടനകളുടെ നിവേദനത്തിന്റെ പകർപ്പും നോട്ട്ഫയലിന്റെ പകർപ്പും ലഭ്യമാക്കുമോ;

(ജി) ഏതെങ്കിലും ജനപ്രതിനിധിയുടെ കത്തിന്റെയോ നിവേദനത്തിന്റെയോ അടിസ്ഥാനത്തിലോ ഏതെങ്കിലും കോടതിവിധിയുടെ അടിസ്ഥാനത്തിലോ ആണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതെങ്കിൽ പ്രസ്തുത രേഖകളുടെ പകർപ്പും നോട്ട്ഫയലിന്റെ പകർപ്പും ലഭ്യമക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>മുസ്ലീം പെൺകുട്ടികളുടെ വിവാഹപ്രായം</u>

5986 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുസ്ലീം പെൺകുട്ടികളുടെ വിവാഹ പ്രായം 16 ആയി കുറച്ച്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പ് ഈ സർക്കുലർ പുറപ്പെടുവിക്കാനിടയായ സാഹചര്യം വിശദമാക്കാമോ; കേരളീയ സാമൂഹ്യസാഹചര്യ പ്രശ്നങ്ങൾ പഠന വിധേയമാക്കിയാണോ തദ്ദേശ സ്വയംഭരണ വകുപ്പ് ഈ സർക്കുലർ പുറപ്പെടുവിച്ചത് എന്നത് വിശദമാക്കാമോ;

(സി) സുപ്രീംകോടതി നിർദ്ദേശ പ്രകാരം സംസ്ഥാനത്ത് പെൺകുട്ടികളുടെ വിവാഹപ്രായം 18 വയസ്സായി നിശ്ചയിച്ച്കൊണ്ട് ചട്ടം നിലവിലുണ്ടോ; ഇപ്രകാരം ഒരു നിയമം നിലനിൽക്കുന്നുവെങ്കിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി പുറപ്പെടുവിച്ചിട്ടുളള സർക്കുലറിന്റെ നിയമപരമായ അടിത്തറ വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ മുസ്ലീം പെൺകുട്ടികളുടെയും സ്ത്രീകളുടെയും ജീവിത സാഹചര്യങ്ങളെക്കുറിച്ച് നടത്തിയ പഠന ങ്ങളോ റിപ്പോർട്ടുകളോ നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഈ റിപ്പോർട്ടുകളിൽ ഏതെങ്കിലും മുസ്ലീം പെൺകുട്ടികളുടെ ചെറിയ പ്രായത്തിലുളള വിവാഹം ആരോഗ്യകരമാണ് എന്നത് ശരിവയ്ക്കുന്നുണ്ടോ; വിശദമാക്കാമോ;

(എഫ്) വിവാഹങ്ങൾ സംബന്ധിച്ച് നിലവിലുളള ചട്ടങ്ങൾ ഏതെല്ലാം; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>മുസ്ലീം പെൺകുട്ടികളുടെ വിവാഹപ്രായം</u>

5987 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുസ്ലീം വിവാഹം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ ഭരണ വകുപ്പിൽ നിന്നും ഈ അടുത്ത കാലത്ത് പുറപ്പെടുവിച്ച സർക്കുലറിൽ പറയുന്ന 16 വയസ് എന്ന് നിശ്ചയിക്കപ്പെട്ടതിന്റെ മാനദണ്ഡം എന്താണ്; ആരുടെ നിർദ്ദേശപ്രകാരമാണ് പ്രസ്തുത മാനദണ്ഡം നിശ്ചയിക്കപ്പെട്ടത്; വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം ഒരു സർക്കുലർ പുറത്തിറക്കുന്നു എന്നത് സംബന്ധിച്ച് മന്ത്രിസഭയ്ക്ക് അറിവുണ്ടായിരുന്നോ; വ്യക്തമാക്കുമോ;

(സി) നിലവിലെ നിയമങ്ങൾക്ക് വിരുദ്ധമായി പെരുമാറാൻ പൗരൻമാർക്ക് സൗകര്യം നൽകുന്ന സർക്കുലർ പുറപ്പെടുവിക്കുന്നത് ശിക്ഷ അർഹിക്കുന്ന കുറ്റകൃത്യമാണോ; വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>മുസ്ലീം പെൺകുട്ടികളുടെ വിവാഹപ്രായം</u>

5988 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുസ്ലീം പെൺകുട്ടികളുടെ വിവാഹ പ്രായം 16 ആക്കികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഏതു സാഹചര്യത്തിലാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>മുസ്ലീം വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹ പ്രായം 16 ആക്കിയ നടപടി</u>

5989 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മുസ്ലീം വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹ പ്രായം 16 ആക്കിയ നടപടി എന്തെല്ലാം ഉത്തരവുകളുടേയും ഏതെല്ലാം കോടതി വിധികളുടെയും പശ്ചാത്തലത്തിലാണെന്ന് വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടേയും കോടതി വിധികളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ശൈശവ വിവാഹങ്ങൾക്ക് അംഗീകാരം നൽകുന്ന സർക്കുലർ</u>

5990 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശൈശവ വിവാഹങ്ങൾക്ക് മതസ്ഥാപനങ്ങളുടെ അംഗീകാരം ഉണ്ടെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സാക്ഷ്യപത്രം നൽകണമെന്ന സർക്കുലർ സർക്കാർ പുറപ്പെടുവിക്കാനുള്ള സാഹചര്യമെന്താണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർക്കുലർ 2006-ലെ കേന്ദ്ര ശൈശവ വിവാഹ നിരോധന നിയമത്തിന് വിരുദ്ധമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിയമവിരുദ്ധമായ പ്രസ്തുത സർക്കുലർ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ക്ഷീരസാഗരം പദ്ധതി</u>

5991 ശ്രീ. വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ക്ഷീരസാഗരം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതിക്കായി എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ട്;

(ഡി) പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>ശുചിത്വ ഗ്രാമം പദ്ധതി</u>

5992 ശ്രീ.വി. ഡി. സതീശൻ
'' പാലോട് രവി
'' ഡൊമിനിക് പ്രസന്റേഷൻ
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുചിത്വ ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്;

(സി) എത്ര കോടി രൂപ ഈ പദ്ധതിക്ക് വേണ്ടി അനുവദിച്ചിട്ടുണ്ട്;

(ഡി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>ഹരിതഗ്രാമം പദ്ധതി</u>

5993 ശ്രീ. കെ. ശിവദാസൻ നായർ
,, ഹൈബി ഈഡൻ
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുചിത്വമിഷൻ വഴി നടപ്പാക്കുന്ന ഹരിതഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശം അറിയിക്കുമോ?

(സി) എത്ര കോടി രൂപ ഈ പദ്ധതിക്ക് വേണ്ടി അനുവദിച്ചിട്ടുണ്ട്;

(ഡി) പദ്ധതി ഊർജ്ജിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഊർജ്ജ പദ്ധതി</u>

5994

ശ്രീ. റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹിദ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തുന്ന ഊർജ്ജ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതിക്കായി എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ട്;

(ഡി) പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന കഫേകൾ</u>

5995 ശ്രീ. സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, എം.എ. വാഹിദ്
,, ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിൽ കഫേകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത കഫേകൾ വഴി കുടുംബശ്രീയിലെ സ്ത്രീകൾക്ക് ഉപജീവനം നൽകാൻ എന്തെല്ലാം കർമ്മപരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇവയുടെ പ്രവർത്തനം സംസ്ഥാനത്ത് വ്യാപകമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.07.2013–ലെ മറുപടിക്ക്

<u>കുടുംബശ്രീ മുഖേനയുള്ള വിവിധ പ്രവർത്തനങ്ങൾ</u>

5996

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബശ്രീ പ്രവർത്തകർക്കായി ഒരു വർഷത്തിനകം ഒരു ലക്ഷം തൊഴിൽ സൃഷ്ടിക്കുമെന്ന് സാമൂഹിക ക്ഷേമവകുപ്പ് മന്ത്രിയുടെ 2013 മെയ് 12 ലെ പ്രഖ്യാപന പ്രകാരം നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു;

(ബി) ആയതുപ്രകാരം ബഡ്സ് സ്കൂളിന്റെ പ്രവർത്തനം സംസ്ഥാനത്തെ ഏതെല്ലാം പഞ്ചായത്തുകളിൽ വ്യാപിച്ചു;

(സി) അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങളെയും കുടുംബശ്രീയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എത്ര ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കി; എവിടെയെല്ലാം. വിശദമാക്കുമോ;

(ഇ) അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്ക് സംരക്ഷണവും നിയമസഹായവും ലഭിക്കുന്ന വിധത്തിൽ തുടങ്ങാമെന്ന് പ്രഖ്യാപിച്ച അഭയകേന്ദ്രങ്ങൾ ആരംഭിച്ചുവോ; എങ്കിൽ എവിടെയെല്ലാം; വ്യക്തമാക്കുമോ;

(എഫ്) നിലവിൽ സംസ്ഥാനത്ത് കുടുംബശ്രീ മുഖേന എത്ര ഹെക്ടർ തരിശുഭൂമി കൃഷി യോഗ്യമാക്കി മാറ്റി ഏതൊക്കെ വിധത്തിലുള്ള കൃഷികൾ നടത്തിവരുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>കെട്ടിട നിർമ്മാണ ചട്ടത്തിൽ ഇളവുകൾ</u>

5997 ശ്രീ.റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-ലെ കെട്ടിട നിർമ്മാണ ചട്ടത്തിൽ പഞ്ചായത്ത് എന്തെങ്കിലും ഇളവുകൾ നല്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മൂന്ന് സെന്റിൽ താഴെ മാത്രം ഭൂമിയുള്ള വ്യക്തികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പ്രത്യേക അനുമതി നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഒരു സെന്റിൽ താഴെ മാത്രം വസ്തു ഉള്ള ഒരാൾക്ക് നാല് വശവും നിശ്ചിത ഏരിയ വിടാതെ തന്നെ കെട്ടിടം നിർമ്മിക്കാൻ പ്രത്യേക അനുമതി പഞ്ചായത്തുകളിൽ നല്കുമോ;

(ഡി) കെട്ടിട നികുതി കുറയ്ക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

## പുതിയ കെട്ടിട നമ്പർ

5998 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിടങ്ങൾക്ക് നമ്പർ പതിക്കുന്ന നടപടി അവസാനമായി ചെയ്തത് ഏതു വർഷമാണ് ;

(ബി) പുതിയ കെട്ടിട നമ്പർ പതിക്കുമ്പോൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് രേഖകളിൽ കൃത്യസമയത്ത് മാറ്റം വരുത്താറുണ്ടോ;

(സി) പുതുതായി നമ്പർ ലഭിച്ച കെട്ടിടങ്ങളുടെ നികുതി കൃത്യസമയത്ത് അടയ്ക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെട്ടിട നികുതി അടയ്ക്കുന്നവർക്ക് നൽകുന്ന രസീതുകളിൽ ഇപ്പോഴും പഴയ കെട്ടിട നമ്പർ രേഖപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഗ്രാമപഞ്ചായത്ത് രേഖകളിലും കെട്ടിട നികുതി അടയ്ക്കുന്ന രസീതുകളിലും പുതിയ നമ്പർ രേഖപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>കെട്ടിട നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുമതി വാങ്ങേണ്ടതില്ലായെന്ന സർക്കാർ തീരുമാനം</u>

5999 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് മേഖലകളിൽ കെട്ടിട നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുമതി വാങ്ങേണ്ടതില്ല എന്ന തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നീർത്തടങ്ങളും, വെള്ളക്കെട്ടുകളും, വയലുകളും നികത്തി വീട് വയ്ക്കുന്നതിന് മുൻകൂർ അനുമതി വാങ്ങേണ്ടതില്ലെന്നോ, നികത്തി വീട് വച്ചതിനുശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ അപേക്ഷ നൽകിയാൽ മതിയെന്നോ ഉത്തരവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>പഞ്ചായത്ത് പ്രദേശങ്ങളിലെ വീട്ടുകരം</u>

6000 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് പ്രദേശങ്ങളിലുള്ള വീടുകളുടെ വീട്ടുകരം ഇപ്പോൾ സ്വീകരിച്ചുവരുന്നത് ഏതു വർഷം തയ്യാറാക്കിയിട്ടുള്ള അടിസ്ഥാന നികുതി നിർണ്ണയ രജിസ്റ്ററിന്റെ അടിസ്ഥാനത്തിലാണ്;

(ബി) ഇപ്പോൾ വീടുകൾക്ക് ചുമത്തിയിട്ടുള്ള നികുതി നിരക്കുകൾ എത്രയൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ; ആയത് ഏതുവർഷം നടപ്പാക്കിയ നിരക്കാണ്;

(സി) 2010 ലെ പുനക്രമീകരിക്കപ്പെട്ട വാർഡുകളുടെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതി നിർണ്ണയ രജിസ്റ്ററിൽ മാറ്റം വരുത്തുന്നതിനും ആയതനുസരിച്ച് ഇപ്പോൾ നിലവിലുള്ള വീട്ടുകരത്തിനു മാറ്റം വരുത്തുന്നതിനും എടുത്ത തീരുമാനം മാറ്റി വെയ്ക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) വിവിധയിനങ്ങളിലായി പഞ്ചായത്തുകളുടെ ചെലവുകൾ വർദ്ധിച്ചിട്ടുള്ളതിനാൽ പുന:ക്രമീകരിക്കപ്പെട്ട വാർഡുകളുടെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതി നിർണ്ണയ രജിസ്റ്ററിൽ മാറ്റം വരുത്തുന്നതിനും പുതുക്കിയ നിരക്കിലുള്ള നികുതി ഏർപ്പെടുത്തി പഞ്ചായത്തുകളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 08.07.2013–ലെ മറുപടിക്ക്

<u>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ശ്മശാനങ്ങളുടെ നിർമ്മാണം</u>

6001 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ശ്മശാനങ്ങളുടെ നിർമ്മാണത്തിന് വകുപ്പിൽ നിന്നും 2013–14 സാമ്പത്തിക വർഷത്തിൽ എന്തു തുക അനുവദിക്കുന്നുണ്ട്; വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തുക ലഭ്യമാക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

ഒറ്റപ്പാലത്ത് ഒരു കേന്ദ്രീകൃത വൈദ്യുതി ശ്മശാനം നിർമ്മിക്കാൻ നടപടി

6002 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലെക്കിടി-പേരൂർ, അമ്പലപ്പാറ, പൂക്കോട്ടുകാവ് എന്നീ ഗ്രാമപഞ്ചായത്തുകൾക്കും, ഒറ്റപ്പാലം മുനിസിപ്പാലിറ്റിക്കുമായി ഒരു കേന്ദ്രീകൃത വൈദ്യുതി ശ്മശാനം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാണോ;

(ബി) 2013-2014-ൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നാളിതുവരെ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>സർവ്വേയുമായി ബന്ധപ്പെട്ട ഫീസ് ഒഴിവാക്കുന്നതിന് നടപടി</u>

6003 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പുറമ്പോക്കു ഭൂമി എന്നിവിടങ്ങളിലെ കയ്യേറ്റം ഒഴിവാക്കുന്നതിന്റെ ഭാഗമായി അളന്ന്, അതിർത്തി പുനഃനിർണ്ണയിച്ചു കിട്ടുന്നതിനായി താലൂക്ക് സർവ്വേയറുടെ സേവനം ലഭിയ്ക്കുന്നതിനായി പഞ്ചായത്തുകൾ സർക്കാരിലേയ്ക്ക് ഫീസ് അടയ്ക്കേണ്ടതുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകൾക്ക് ജനറേറ്റർ നൽകാൻ നടപടി</u>

6004 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓൺലൈനായി ലഭ്യമാകുന്ന സർട്ടിഫിക്കറ്റുകൾക്കായി പവർകട്ട് മൂലം മണിക്കൂറുകളോളം അപേക്ഷകർ കാത്തിരിക്കേണ്ടതായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്തുകൾക്ക് ജനറേറ്റർ സംവിധാനം ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>അട്ടപ്പാടിയിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

6005 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ പഞ്ചായത്തുകളിൽ ഈ സർക്കാർ അധികാരമേറ്റശേഷം മാതൃ–ശിശു സംരക്ഷണ വകുപ്പ് ഗർഭിണികൾക്കും സ്ത്രീകൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും ഏതെല്ലാം പദ്ധതി വഴി പോഷകാഹാരം വിതരണം ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ; ഓരോ പഞ്ചായത്തിലും ഓരോ പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പോഷകാഹാരം വിതരണം ചെയ്യുന്നതിന് വീഴ്ച സംഭവിച്ചതായി റിപ്പോർട്ടുണ്ടോ; ഇതിനെക്കുറിച്ചുളള അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) റാഗി വിതരണത്തിന് സർക്കാർ കരാർ ആർക്കാണ് നൽകിയിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ഡി) അമൃതംപൊടി വിതരണത്തിന് ഓരോ മാസവും ഓരോ പഞ്ചായത്തും എന്ത് തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) തവളത്തെ കുടുംബശ്രീ യൂണിറ്റിന് ഈ ഇനത്തിൽ എത്ര മാസത്തെ എന്ത് തുക കുടിശ്ശികയുണ്ടെന്നും ഏതെല്ലാം പഞ്ചായത്തുകൾ കുടിശ്ശിക വരുത്തിയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>കണ്ണപുരം ഫോക്‌ലോർ അക്കാദമിക്കുള്ള ഭൂമി</u>

6006 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കണ്ണപുരത്ത് നാടൻ കലാഗ്രാമം സ്ഥാപിക്കുന്നതിന് കണ്ണപുരം ഗ്രാമ പഞ്ചായത്ത് വിട്ടുനൽകാമെന്ന് സമ്മതിച്ച 54.65 സെന്റ് സ്ഥലം ഫോക്‌ലോർ അക്കാദമിക്ക് വിട്ടുനല്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വ്യക്തമാക്കുമോ;

(ബി) ഫോക്‌ലോർ അക്കാദമിക്ക് ആവശ്യമായ സ്ഥലം വിട്ടുനല്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ</u>

6007 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ പേരുവിവരവും ദൈർഘ്യവും വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയ തുകയും ആയതിന്റെ പുരോഗതിയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>പഞ്ചായത്ത് വകുപ്പിന്റെ പദ്ധതി വിഹിതം</u>

6008 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പഞ്ചായത്ത് വകുപ്പിൽ ഈ സാമ്പത്തികവർഷം മുഴുവൻ പദ്ധതിവിഹിതവും വിനിയോഗിക്കുന്നതിന്, മുൻകൂട്ടിത്തന്നെ പദ്ധതി രൂപരേഖയ്ക്ക് മുഴുവനും അംഗീകാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>കോവളത്തെ വിവിധ പഞ്ചായത്തുകൾക്കായി വകയിരുത്തിയ തുക</u>

6009 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പൂവാർ, കരുങ്കുളം, കാഞ്ഞിരംകുളം, കോട്ടുകാൽ, വെങ്ങാനൂർ, ബാലരാമപുരം, കല്ലിയൂർ എന്നീ പഞ്ചായത്തുകൾക്കായി എന്ത് തുകയാണ് 2013-2014 ലെ വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>സ്നേഹപൂർവ്വം പദ്ധതി</u>

6010 ശ്രീ. സി. പി. മുഹമ്മദ്
,, വർക്കല കഹാർ
,, വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന സ്നേഹപൂർവ്വം പദ്ധതി വിപുലീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വിപുലീകരിക്കാനുദ്ദേശിക്കുന്ന മേഖലകൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് ഈ പദ്ധതി വഴി നൽകുന്നത്; വിശദമാക്കുമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

'സ്നേഹപൂർവ്വം' പദ്ധതി

6011 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സുരക്ഷാമിഷന്റെ സ്നേഹപൂർവ്വം പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനത്തിനായി 2013-14-ൽ എന്തു തുക മാറ്റിവച്ചിട്ടുണ്ട്; ആയതിൽ ഇതേവരെ എന്ത് തുക ചെലവഴിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി മുഖേന ഈ അദ്ധ്യായന വർഷം ഇതേവരെ എത്ര കുട്ടികൾക്ക് മാസംതോറും പഠനസഹായം നൽകാൻ നടപടി സ്വീകരിച്ചു; ഇനി ഈ അദ്ധ്യായന വർഷം എത്ര കുട്ടികളെകൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

(ഡി) പ്രതിമാസം ഓരോ കുട്ടിയ്ക്കും നൽകുന്ന പഠന സഹായം എത്ര രൂപാവീതമാണെന്ന് വ്യക്തമാക്കുമോ;

(ഇ) വാർഷിക വരുമാനം മാനദണ്ഡമാക്കാതെ മാതാവോ പിതാവോ രണ്ടുപേരുമോ നഷ്ടപ്പെട്ടാൽ എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ സംസ്ഥാനത്തെ മുഴുവൻ സർക്കാർ/എയ്ഡഡ് സ്കൂൾ, കോളേജ് വിദ്യാർത്ഥികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>സമാശ്വാസം പദ്ധതി</u>

6012 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' അൻവർ സാദത്ത്
'' ആർ. സെൽവരാജ്
'' ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമാശ്വാസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ആരൊക്കെയാണ് പദ്ധതി നടത്തിപ്പിനായി സഹകരിക്കുന്നത്; വിശദാംശം അറിയിക്കുമോ;

(സി) ഡയാലിസിസിന് വിധേയരാകേണ്ടി വരുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് പദ്ധതി വഴി നൽകുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

ബഡ്സ് സ്കൂളുകൾ

6013 ശ്രീ. റ്റി. വി. രാജേഷ്
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ മൂലം ദുരിതമനുഭവിക്കുന്ന വിദ്യാർത്ഥികൾക്കായി കാസർകോട് ജില്ലയിൽ തുടങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്ന ബഡ്സ് സ്കൂളുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച് വിശദമാക്കാമോ;

(ബി) എത്ര സ്കൂളുകൾ പ്രവർത്തനക്ഷമമായി എന്നും അതിൽ എത്ര കുട്ടികൾ പഠിക്കുന്നു എന്നും വ്യക്തമാക്കാമോ;

(സി) മാനസിക വെല്ലുവിളി നേരിടുന്നതും അംഗവൈകല്യം സംഭവിച്ചവരുമായ കുട്ടികൾക്ക് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ അവിടെ ലഭ്യമാക്കിയിട്ടുള്ളത്; വെളിപ്പെടുത്തുമോ;

(ഡി) ബഡ്സ് സ്കൂൾ അധ്യാപകരുടെ അലവൻസ് എത്രയെന്നും അവ കൃത്യമായി ലഭ്യമാക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

## ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം

6014 ശ്രീ. പി. തിലോത്തമൻ
'' മുല്ലക്കര രത്നാകരൻ
'' ചിറ്റയം ഗോപകുമാർ
ശ്രീമതി. ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വനിതാ-ശിശുക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി സംസ്ഥാന ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സമിതികൾ എത്ര തവണ യോഗങ്ങൾ കൂടി; വ്യക്തമാക്കുമോ;

(ഡി) ഒരു വർഷം എത്ര കോടി രൂപ സംസ്ഥാന സമിതിക്ക് കേന്ദ്ര സഹായം ലഭിക്കുമെന്നും ഈ തുക നഷ്ടമായിട്ടുണ്ടായെന്നും ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തായിരുന്നുവെന്നും വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>ബാലവേല തടയാൻ നടപടി</u>

6015 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ കൊണ്ട് പണിയെടുപ്പിക്കുന്നത് തടയുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ബാലവേല സംബന്ധിച്ച് എത്ര കേസുകൾ പിടിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ കൊണ്ടുവന്ന് ഹോട്ടലുകളിലും വീടുകളിലും ജോലി ചെയ്യിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>താലോലം പദ്ധതി</u>

T6016 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലോലം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ;

(ബി) ഇതേ സ്വഭാവത്തിലുള്ള പദ്ധതികൾ മറ്റു വകുപ്പുകൾ തുടങ്ങിയതായി അറിയാമോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**08.07.2013-ലെ മറുപടിക്ക്**

<u>താലോലം പദ്ധതി</u>

6017 ശ്രീ. സണ്ണി ജോസഫ്
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരൊക്കെയാണ് താലോലം പദ്ധതി നടത്തിപ്പിനായി സഹകരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിന് എന്തെല്ലാം സഹായങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പദ്ധതിക്കായി തുക ചെലവഴിക്കുന്നതിൽ മുൻ സർക്കാരിനേക്കാൾ എന്തെല്ലാം പുരോഗതികൾ ഈ സർക്കാർ അധികാരമേറ്റശേഷം നേടിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

''താലോലം പദ്ധതി''

T6018 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിനെട്ടുവയസ്സുവരെയുള്ള കുട്ടികൾക്ക് മാരകമായ രോഗങ്ങൾ പിടിപെട്ടാൽ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള "താലോലം'' പദ്ധതി മെഡിക്കൽ കോളേജുകളിലും
ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലും ആർ.സി.സിയിലും ആരംഭിച്ചതെന്ന്;

(ബി) പ്രസ്തുത പദ്ധതിയുടെ ഫണ്ട് ലഭ്യമാക്കുന്നത് ഏത് ഏജൻസിയാണ്;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചതു മുതൽ ഓരോ സാമ്പത്തിക വർഷവും ഓരോ ആശുപത്രിയിലും എന്ത് തുക പദ്ധതി പ്രകാരം ലഭ്യമാക്കി;

(ഡി) ഈ പദ്ധതി മറ്റേതെങ്കിലും ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുകയുണ്ടായോ; എങ്കിൽ എന്നു മുതൽ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി</u>

6019 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എത്ര വയസ്സ് വരെ പ്രായമുള്ള കുട്ടികളെയാണ് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി – വായ്പയുടെ പലിശ തിരിച്ചടവ്</u>

6020 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി പഞ്ചായത്തുകൾ സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയുടെ പലിശയിനത്തിൽ 31.12.2013 വരെ എന്തു തുക സർക്കാർ സഹകരണ സ്ഥാപനങ്ങൾക്ക് നൽകുവാനുണ്ടെന്ന് അറിയിക്കാമോ;

(ബി) വ്യവസ്ഥ പ്രകാരം വായ്പയുടെ പലിശ സർക്കാർ അടയ്ക്കാത്തതു മൂലം പ്രസ്തുത പദ്ധതി പഞ്ചായത്തുകൾക്ക് നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>വയോജന ക്ഷേമം</u>

T6021 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടന്‍
,, റ്റി. യു. കുരുവിള
,, മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വയോജനക്ഷേമ വകുപ്പ് രൂപീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വൃദ്ധജനങ്ങള്‍ക്ക് സഹായം നല്‍കുന്നതിനായി കൂടുതല്‍ സംരക്ഷണ കേന്ദ്രങ്ങള്‍ ആരംഭിക്കുമോ; വിശദീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾ</u>

6022 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) ഈ സ്ഥാപനങ്ങളിൽ ഓരോന്നിലൂടെയും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

ഇന്ദിരാഗാന്ധി വിധവാ പെൻഷൻ പദ്ധതി

6023 ശ്രീ. എ. റ്റി. ജോർജ്
,, ലൂഡി ലൂയിസ്
,, വർക്കല കഹാർ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാഗാന്ധി വിധവാ പെൻഷൻ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പാക്കാൻ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പദ്ധതി മുഖാന്തിരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; വിശദാംശം അറിയിക്കുമോ;

(ഡി) ദേശീയ പദ്ധതിക്കൊപ്പം ഇവർക്കുള്ള സംസ്ഥാന പെൻഷൻ പദ്ധതി തുടരുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>വിധവാ പെൻഷൻ</u>

6024 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' അൻവർ സാദത്ത്
'' എം. പി. വിൻസെന്റ്
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിധവാ പെൻഷനുകൾ വിതരണം ചെയ്യുന്ന രീതി എങ്ങനെയാണ്; വിശദമാക്കുമോ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

വിധവാ പെൻഷൻ

6025 ശ്രീ. പാലോട് രവി
,, ഷാഫി പറമ്പിൽ
,, ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിധവാ പെൻഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ആർക്കെല്ലാമാണ് പെൻഷന് അർഹതയുള്ളത്; വിശദാംശം അറിയിക്കുമോ;

(സി) വിധവാ പെൻഷൻ ലഭിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് ഈ സർക്കാർ വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) വിധവാ പെൻഷൻ അനവദിക്കുന്നതിനുള്ള നിയമങ്ങളിൽ വരുത്തിയിട്ടുള്ള പരിഷ്ക്കരണത്തിന് എന്ന് മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം</u>

6026 ശ്രീ. ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായത്തിനുളള നിബന്ധനകൾ ഭേദഗതി ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) നിലവിൽ ധനസഹായത്തിനുളള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം അറിയിക്കുമോ;

(സി) വിവാഹധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

വാർദ്ധക്യകാല പെൻഷൻ വിതരണം

6027 ശ്രീ. ജോസഫ് വാഴക്കൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ലൂഡി ലൂയിസ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വാർദ്ധക്യകാല പെൻഷൻ വിതരണം ചെയ്യുന്ന രീതി എങ്ങനെയാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>തപാൽ വഴി പെൻഷൻ വിതരണം ചെയ്യുവാൻ നടപടി</u>

T6028 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമപെൻഷനുകൾ ലഭിയ്ക്കുന്നതിനായി ആധാർ കാർഡും, ബാങ്ക് അക്കൗണ്ടും നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) കിടപ്പു രോഗികളും, വയോവൃദ്ധരുമായവർക്ക് ആധാർ കാർഡ് ലഭിക്കുവാൻ സാധ്യത തീരെയില്ലാത്തതിനാലും, ബാങ്കിലേക്ക് സഞ്ചരിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കൊണ്ടും ഈ നിബന്ധന ഒഴിവാക്കി തപാൽ വഴി പെൻഷനുകൾ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>എച്ച്.ഐ.വി ബാധിതർക്ക് പെൻഷൻ</u>

T6029 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര എച്ച്.ഐ.വി. ബാധിതർ ഉള്ളതായിട്ടാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വകുപ്പിന് അറിവുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിന്റെ ജീവിതസുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ഓരോരുത്തർക്കും പ്രതിമാസ പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**08.07.2013-ലെ മറുപടിക്ക്**

<u>മാതൃകാ അംഗൻവാടികൾ</u>

6030 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃകാ അംഗൻവാടികൾ തെരഞ്ഞെടുക്കുന്നതിന് എം.എൽ.എ. മാരിൽ നിന്നും നിർദ്ദേശങ്ങൾ ക്ഷണിച്ചിരുന്നുവോ; എം.എൽ.എ. മാർ നിർദ്ദേശിച്ച അംഗൻവാടികളെയാണോ മാതൃകാ അംഗൻവാടികളായി തെരഞ്ഞെടുത്തിട്ടുളളത്;

(ബി) തരൂർ മണ്ഡലത്തിൽ മാതൃകാ അംഗൻവാടിയായി തെരഞ്ഞെടുത്തിട്ടുളളത് ഏത് അംഗൻ വാടിയെയാണ്; വ്യക്തമാക്കുമോ;

(സി) ഏത് ഏജൻസി വഴിയാണ് മാതൃകാ അംഗൻവാടികൾ തെരഞ്ഞെടുക്കുന്ന പദ്ധതി നടപ്പാക്കുന്നത്; എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാനും പൂർത്തിയാക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>സ്വന്തമായി കെട്ടിടങ്ങളില്ലാത്ത അംഗനവാടികൾ</u>

6031 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടങ്ങളില്ലാത്ത എത്ര അംഗനവാടികളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സ്വന്തമായി സ്ഥലം ലഭ്യമായ അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ പ്രീ–പ്രൈമറി വിഭാഗം ആരംഭിക്കുന്ന സാഹചര്യത്തിൽ ഇവ അംഗനവാടികളുമായി സഹകരിച്ച് ഏകോപിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ഡി) എങ്കിൽ, വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം അംഗൻവാടി നിർമ്മാണം</u>

6032 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സംസ്ഥാനത്ത് പുതിയ അംഗൻവാടികൾ നിർമ്മിക്കുവാനും പഴയത് നവീകരിക്കുവാനും പദ്ധതിയുണ്ടോ;

(ബി) എങ്കിൽ എത്ര അംഗൻവാടികളാണ് ഇപ്രകാരം നിർമ്മിക്കാൻ തിരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) എത്ര അംഗൻവാടികൾ ഇതിനകം തെരഞ്ഞെടുത്തിട്ടുണ്ട്;

(ഡി) തരൂർ മണ്ഡലത്തിൽ നിന്നും ഏതെല്ലാം അംഗൻവാടികളാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ഇ) ആയതുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>ദത്തെടുക്കൽ നടപടികൾ</u>

6033 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്ക് കുഞ്ഞുങ്ങളെ ദത്തെടുക്കുന്നതിന് പാലിക്കേണ്ട വ്യവസ്ഥകളും നടപടിക്രമങ്ങളും എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ദത്തെടുക്കുന്നതുമായി ബന്ധപ്പെട്ട നിയമം, ചട്ടം എന്നിവയുടെ പ്രസക്തഭാഗങ്ങളുടെയും ഇതു സംബന്ധമായ സർക്കാർ ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ദത്തെടുക്കുന്ന ദമ്പതികൾക്ക് ദത്തെടുത്ത കുഞ്ഞുങ്ങളെ അവരുടെ മതങ്ങളിലെ വ്യക്തി നിയമങ്ങൾക്കനുസരിച്ച് വളർത്തുന്നതിനും പരിപാലിക്കുന്നതിനും നിയമതടസമുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഇൻഫർമേഷൻ കേന്ദ്രം</u>

6034

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഇൻഫർമേഷൻ കേന്ദ്രം എവിടെയാണ് പ്രവർത്തിക്കുന്നത്;

(ബി) വനിതാ ഇൻഫർമേഷൻ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂൺ 29.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.